**അനുബന്ധം - 2**

07-07-2022-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*184)-ന്റെ ബാക്കിഭാഗം.

സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാ തലങ്ങളിലുമുള്ള ആരോഗ്യ സംരക്ഷണങ്ങളിലും സഹകരണ ആശുപത്രികളെ ഉൾപ്പെടുത്തുക എന്നിവയാണ് പ്രധാനമായും ടി പദ്ധതിയിലൂടെ സഹകരണ വകുപ്പ് ലക്ഷ്യമിടുന്നത്.

**viii. CAPE - ആസ്ഥാന മന്ദിരം ഉദ്ഘാടനം**

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)- ന്റെ ആസ്ഥാന മന്ദിരം മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിൽ നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.

**ix. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-നൈപുണ്യ വികസന പരിശീലനകേന്ദ്രം**

കേപ്പ്-ന്റെ കീഴിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രം ആരംഭിച്ചു.

**x. അക്ഷരം മ്യൂസിയം**

സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ

നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷര മ്യൂസിയം. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിലൂടെ കേരളത്തിന്റെ ചരിത്രത്തെയും മലയാളത്തിലെ എഴുത്തുകാരെയും കൃതികളെയും ഉൾപ്പെടുത്തിയിട്ടുള്ള നിരവധി സാംസ്കാരിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്.

**പദ്ധതികൾ**

സംസ്ഥാനത്ത് സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനും സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി സംസ്ഥാന പദ്ധതി ഇനത്തിൽ 15583.00 ലക്ഷം രൂപയും എൻ.സി.ഡി.സി പദ്ധതി ഇനത്തിൽ 4040.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 19623.00 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. പല സംഘങ്ങളിലും നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കുന്നത്.

(സി) ഉണ്ട്,

**1.Co-operative Audit Monitoring & Information System (CAMIS)**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി **www.camis.kerala.gov.in** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**2. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ**

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന

തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. പല സംഘങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പു വരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കുന്നത്.

12.05.2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.